# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2146 11.03.2020-ലെ മറുപടിയ്ക്ക്

## സ്റ്റേഡിയം നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മിച്ച ഓരോ സ്റ്റേഡിയത്തിനും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന 57 സ്റ്റേഡിയങ്ങളിൽ 24 സ്റ്റേഡിയങ്ങളുടെ പ്രവൃത്തി നടന്നു വരികയാണ്. ഇതിൽ 17 സ്റ്റേഡിയങ്ങൾ ഈ വർഷത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇവയുടെ നിർമ്മാണ നിർവ്വഹണം എസ്.പി.വി ആയ കിറ്റ്കോ ലിമിറ്റഡ് മുഖേനയാണ് കായിക വകുപ്പ് നടത്തിവരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ ബിൽ തുക കിഫ്ബി കരാറുകാരുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് നൽകുന്നത്.<br>കൂടാതെ കായികവകുപ്പ് നേരിട്ട് സ്കൂൾ, മുനിസിപ്പൽ, പഞ്ചായത്ത് തലങ്ങളിലുള്ള കളിസ്ഥലങ്ങളുടെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും പദ്ധതികൾ നടത്തി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ ഈ വർഷത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത ഫണ്ട് ഏത് പദ്ധതി പ്രകാരമാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്ക് കിഫ്ബിയാണ് ഫണ്ട് ലഭ്യമാക്കുന്നത്. കായിക വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടാണ് ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇനി ഏതെങ്കിലും ജില്ലയിൽ പുതിയതായി സ്റ്റേഡിയം അനുവദിക്കുമോയെന്നും എങ്കിൽ അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (സി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**